056054

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES THIRUVANANTHAPURAM
12 DEC 2011

# കേരള സർക്കാർ
## സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ അർബൻ ബാങ്കുകളിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക – യോഗ്യത, ശമ്പളസ്കെയിൽഎന്നിവ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## സഹകരണ (പി.എസ്) വകുപ്പ്

സ.ഉ. (സാധാ) നം.652 /2011/സഹ                    തീയതി, തിരുവനന്തപുരം, 30.11.11

---

പരാമർശം:
1. ജി.ഒ.(പി) 2/10/സഹ തീയതി 4.1.10
2. ജി.ഒ.(പി) 149/10/സഹ തീയതി 18.8.10
3. 15.6.11, 3.8.11 എന്നീ തീയതികളിലെ സഹകരണസംഘം രജിസ്ട്രാറുടെ സി.ജി. (3) 4050/11 നമ്പർ കത്തുകൾ.

## ഉത്തരവ്

C51

അർബൻ ബാങ്ക് ക്ലാസ് I , സ്പെഷ്യൽ ഗ്രേഡിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ടൗൺ കോ-ഒപ്പറേറ്റീവ് ബാങ്കിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് ടി തസ്തികയ്ക്ക് യോഗ്യത, ശമ്പളസ്കെയിൽ എന്നിവ നിശ്ചയിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം സഹകരണസംഘം രജിസ്ട്രാർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലാസ് I (സ്പെഷ്യൽ ഗ്രേഡ്), ക്ലാസ് I, ക്ലാസ് II, അർബൻ ബാങ്കുകൾക്ക് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പരാമർശം (2) ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ ഹെഡ് ക്ലാർക്ക് / സീനിയർ എക്കൗണ്ടന്റ് തസ്തികയുടെ ശമ്പള സ്കെയിലിനൊപ്പം സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക പ്രത്യേകം പരാമർശിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ക്ലാസ് I (സ്പെഷ്യൽ ഗ്രേഡ്), ക്ലാസ് I, ക്ലാസ് II, അർബൻ സഹകരണ ബാങ്കുകളിലെ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്ക് പരാമർശം (2) ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ച ടി കാറ്റഗറിയിൽപെട്ട ബാങ്കുകളിലെ ഹെഡ് ക്ലാർക്ക് / സീനിയർ എക്കൗണ്ടന്റ് തസ്തികയ്ക്ക് അനുവദിച്ച ശമ്പള സ്കെയിലിനു സമാനമായ ശമ്പളസ്കെയിലും, ടി തസ്തികയ്ക്കുള്ള വിദ്യാഭ്യാസയോഗ്യതയും നിശ്ചയിച്ച് ഉത്തരവാകുന്നു.

| കാറ്റഗറി | തസ്തിക | ശമ്പളസ്കെയിൽ (പുതുക്കിയത്) | വിദ്യാഭ്യാസയോഗ്യത |
|---|---|---|---|
| അർബൻ ബാങ്ക് സ്പെഷ്യൽ ഗ്രേഡ് | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 10,700 - 350/3 - 11,750 - 400/5 - 13,750 - 450/5 - 16,000 - 500/5 - 18,500 - 550/3 - 20,150(21) | അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, പിജിഡിസിഎ എന്നിവ അടിസ്ഥാനയോഗ്യത, എംസിഎ, ബി.ടെക് (കംപ്യൂട്ടർ എൻജിനീയറിംഗ്) എന്നിവ അഭിലക്ഷണീയ യോഗ്യത |
| അർബൻ ബാങ്ക് ക്ലാസ് I | | 9,700 - 300/1 - 10,000 - 350/5 -11,750 - 400/5 - 13,750 - 450/5 - 16,000 - 500/5 - 18,500 - 550/5 - 21,250 - 600/5 - 24,250 (31) | |
| അർബൻ ബാങ്ക് ക്ലാസ് II | | 8,250 - 250/1 - 300/5 - 10,000 - 350/5 -11,750 - 400/5 - 13,750 - 450/5 - 16,000 - 500/5 - 18,500 - 550/1 - 19,050(27) | |

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൽ. പ്രസന്നകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, പയ്യന്നൂർ കോപ്പ. ടൗൺ ബാങ്ക്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

kerala.gov.in എന്ന website - ൽ ലഭ്യമാണ്.